പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 3572

15.03.2018 ൽ മറുപടിക്ക്

## ക്വാറി പ്രവർത്തനം ഇല്ലാത്തതിനാൽ നിർമ്മാണ മേഖലയുടെ സ്തംഭനാവസ്ഥ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ | | എ.സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി) |
| (എ) ഇടുക്കി ജില്ലയിൽ പ്രത്യേകിച്ച് ഹൈറേഞ്ച് മേഖലയിൽ കൽക്വാറിയുടെയും മറ്റും പ്രവർത്തനം ഇല്ലാത്തതിനാൽ നിർമ്മാണ മേഖല സ്തംഭനാവസ്ഥയിലായത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (എ) | ക്വാറി ഉൽപ്പന്നങ്ങളുടെ ലഭ്യതകുറവ് മൂലം നിർമ്മാണ മേഖലയിൽ പ്രതിസന്ധിയുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) എങ്കിൽ സ്തംഭനാവസ്ഥ പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;<br><br>(സി) ഇല്ലെങ്കിൽ ആവശ്യമായ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) & (സി) | ക്വാറി ഉൽപ്പന്നങ്ങളുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സർക്കാർ കൈക്കൊണ്ടിട്ടുണ്ട്.<br>1. 5-ഹെക്ടറിനു താഴെ വിസ്തീർണ്ണമുള്ള ക്വാറികൾക്ക് പാരിസ്ഥിതികാനുമതി നൽകുന്നതിന് ജില്ലാ തലത്തിൽ കളക്ടർ ചെയർമാനായിട്ടുള്ള ജില്ലാതല പാരിസ്ഥിതി കാഘാത നിർണ്ണയ അതോറിറ്റി (DEIAA)-യുടേയും ജില്ലാതല അപഗ്രഥന സമിതി (DEAC)യുടേയും പ്രവർത്തനം കാര്യക്ഷമമാക്കി.<br>2. ഒരു ഹെക്ടറിൽ താഴെയുള്ള ചെറുകിട ക്വാറികളിലെ ശാസ്ത്രീയ ഖനനത്തിന് ലഘൂകരിച്ച മൈനിംഗ് പ്ലാൻ (simplified mining plan) തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു.<br>3. നിർമ്മാണ മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിലേയ്ക്ക് 22.06.2017 ലെ സ.ഉ(പി)25/2017/ഐ.ഡി നമ്പരായ സർക്കാർ ഉത്തരവ് പ്രകാരം ക്വാറികളുടെ പുറമെയുള്ള അതിർത്തിയിൽ നിന്നും റിസർവോയർ, ടാങ്കുകൾ, കനാലുകൾ, നദികൾ, ആരാധനാലയങ്ങൾ, ശ്മശാനം, വില്ലേജ് റോഡ് എന്നിവയിലേയ്ക്കുള്ള ദൂരപരിധി 50 മീറ്ററായി പുന:സ്ഥാപിക്കുകയും നാഷണൽ പാർക്ക്, വൈൽഡ് ലൈഫ് സാങ്ച്വറി എന്നിവയുടെ അതിർത്തിയിൽ നിന്നുമുള്ള ദൂരപരിധി ഒരു കിലോമീറ്ററായും നിജപ്പെടുത്തി. |

4. പാരിസ്ഥിതികാനുമതിക്കായി ലഭിക്കുന്ന അപേക്ഷകളിന്മേൽ സമയബന്ധിതമായി തീരുമാനമെടുക്കാൻ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലും വ്യവസായ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിലും യോഗങ്ങൾ ചേർന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകി.

5. 09.03.2018 ൽ വ്യവസായ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ജില്ലാ ജിയോളജിസ്റ്റു മാരുടെ യോഗം വിളിക്കുകയും ഖനനാനുമതി അനുവദിക്കുന്നതിലെ പ്രവർത്തന പുരോഗതി വിലയിരുത്തുകയും നിയമപര മായി അനുമതി നൽകാൻ കഴിയുന്ന എല്ലാ കേസുകളിലും സമയബന്ധിതമായി അപേക്ഷകൾ തീർപ്പാക്കാൻ കർശന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

Manjith

**സെക്ഷൻ ഓഫീസർ**